# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2025-2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 8)1036/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/08/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ മെയിൽ മുഖേന)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇ മെയിൽ മുഖേന)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 8)1036/2026 തീയ്യതി: 22/08/2026

## തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-09-2025 മുതൽ 12-07-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2025 മുതൽ 31-03-2026 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചന്ദ്രപ്രഭ. സി. | ജോയിന്റ് ഡയറക്ടർ | 13-07-2026 | 17-07-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-07-2026 | 17-07-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജോഷി സി.ജെ., ഓഡിറ്റ് ഓഫീസർ

ശ്രീ. സലീഷ് എം.ജി., ഓഡിറ്റ് ഓഫീസർ

ശ്രീ. മോഹനൻ പി.വി. ഓഡിറ്റ് ഓഫീസർ

ശ്രീമതി. നിലൂഫർ ബി.ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. റിനുമോൾ എം.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മതി. രേഖ ഷാന്റി ജോസഫ് | പ്രസിഡന്റ് | 01-04-2025 | 25-12-2025 |
| ശ്രീമതി. സുഭാഷിണി രാജീവ് | പ്രസിഡന്റ് | 26-12-2025 | 31-03-2026 |
| ശ്രീ. അനി.പി.ചാലിൽ | സെക്രട്ടറി | 01-04-2025 | 19-04-2025 |
| ശ്രീ. പ്രസാദ് ടി.ആർ. | സെക്രട്ടറി | 20-04-2025 | 12-06-2025 |
| ശ്രീ. ശ്രീകാന്ത് പി.എസ്. | സെക്രട്ടറി | 13-06-2025 | 08-10-2025 |
| ശ്രീമതി. പി. ഉമ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 09-10-2025 | 31-03-2026 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. പ്രീത എൻ.ആർ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2025 | 31-03-2026 |
| ശ്യാം ശങ്കർ. എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2025 | 12-11-2025 |
| ചൈത്ര വി.യു. | പട്ടികജാതി വികസന ഓഫീസർ | 13-11-2025 | 30-01-2026 |
| അഞ്ജന. എസ്. | പട്ടികജാതി വികസന ഓഫീസർ | 31-01-2026 | 31-03-2026 |
| ഡോ. ആശ പി. എസ്. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2025 | 02-09-2025 |
| ഡോ. ഫിലോമിന അലോഷ്യസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 03-09-2025 | 31-03-2026 |
| സിജി വർഗ്ഗീസ് | ക്ഷീര വികസന ഓഫീസർ | 01-04-2025 | 09-03-2026 |
| വിധു. വി.എസ്. | ക്ഷീര വികസന ഓഫീസർ | 10-03-2026 | 31-03-2026 |
| സതീഷ് ഇ. കെ. | വ്യവസായ വികസന ഓഫീസർ | 01-04-2025 | 08-06-2025 |
| സുധീർ. പി. | വ്യവസായ വികസന ഓഫീസർ | 09-06-2025 | 13-08-2025 |
| മിനി. ഇ. | വ്യവസായ വികസന ഓഫീസർ | 14-08-2025 | 31-03-2026 |
| ധന്യ ഭാഗ്യനാഥ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2025 | 06-10-2025 |
| സനിൽകുമാർ എം.വി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 07-10-2025 | 20-10-2025 |
| ആൻസി ജോസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 21-10-2025 | 31-03-2026 |
| സിജോ. പി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2025 | 31-03-2026 |
| അനീസ റാണി എ. എസ്. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2025 | 04-07-2025 |
| സാവിത്രി. പി. | ശിശു വികസന പദ്ധതി ഓഫീസർ | 05-07-2025 | 31-03-2026 |

| | | | |
|---|---|---|---|
| സോണിയ. ആർ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (റിട്ട.) | 01-04-2025 | 31-05-2025 |
| ടീന സിമേന്തി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ഇൻ–ചാർജ്) | 01-06-2025 | 08-09-2025 |
| അജിത്ത്. സി.ബി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-09-2025 | 31-03-2026 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി - ക്യാഷ് ബുക്ക്& പാസ്സ് ബുക്ക് നീക്കിയിരിപ്പ് തുക വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഫണ്ട് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-5 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 15 | കെ-സ്മാർട്ട് അപാകതകൾ | 1-7 |
| 16 | വാടക - അപാകതകൾ | 1-8 |
| 17 | കമ്മ്യൂണിറ്റി ഹാൾ - വാടക ഇളവ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല | 1-9 |
| 18 | പി.എം.എ.വൈ ആവാസ് പ്ലസ് ഭവനനിർമ്മാണം - അപാകതകൾ | 1-10 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-11 |
| 20 | കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-12 |
| 21 | സുലേഖ ചെലവ് പത്രിക - പ്രോജക്ടുകളുടെ ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 22 | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-14 |
| 23 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 24 | ഘടക സ്ഥാപനങ്ങളിൽ മലിനജല സംസ്കരണ സംവിധാനം സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 25 | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി മാള നിർവ്വഹണം നടത്തി അനുവദിച്ച ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നില്ല, സി.എച്ച്.സി മാള ജി.എസ്.ടിരജിസ്ട്രേഷൻ എടുത്തിട്ടില്ല. | 1-17 |
| 26 | ലാബിലേക്ക് ഇൻവർട്ടർ,ബാറ്ററി എന്നിവ വാങ്ങിയപ്പോൾ ബൈ ബാക്ക് ഓഫർ പ്രയോജനപ്പെടുത്തിയില്ല | 1-18 |
| 27 | നിർമ്മാണ പ്രവൃത്തി- എസ്റ്റിമേറ്റ് തയ്യാറാക്കാതെ നേരിട്ട് അക്രഡിറ്റഡ് എജൻസിയെ ഏൽപ്പിച്ചു | 1-19 |
| 28 | ലഭ്യമായ മണ്ണുപയോഗിച്ച് നികത്തൽ (Filling With Available Excavated Earth) - പ്രവൃത്തിയിൽ കുഴിച്ചെടുത്ത ആകെ മണ്ണിന്റെ അളവിനേക്കാൾ അധികം അളവ് അനുവദിച്ചു- 8702 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ലഭ്യമായ മണ്ണുപയോഗിച്ച് നികത്തൽ (Filling With Available Excavated Earth) - | 3-1 |

| | | |
|---|---|---|
| | പ്രവൃത്തിയിൽ കുഴിച്ചെടുത്ത ആകെ മണ്ണിന്റെ അളവിനേക്കാൾ അധികം അളവ് അനുവദിച്ചു- 8702 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാള ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 15-06-2026 ലെ 12(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 16.06.2026 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാള ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2026 -ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2026 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 22.08.2026**

**ജോയിന്റ് ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## 1-1-1 കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ (ജനറൽ, എസ്.സി.) എന്നീ പ്രോജക്ടുകളിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

| ക്രമ നം. | പ്രൊജക്ട് നമ്പരും പേരും | ഫണ്ട് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 11/26-ആവാസ് പ്ലസ് ഭവനനിർമ്മാണം - PMAY ജനറൽ | കേന്ദ്രാവിഷ്കൃത ഫണ്ട് | 37,92,000 |
| 2 | 12/26-ആവാസ് പ്ലസ് ഭവനനിർമ്മാണം - PMAY (SC) | കേന്ദ്രാവിഷ്കൃത ഫണ്ട് | 10,56,000 |

## 1-1-2 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ്
ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 4502101 | 339302010017263 – UBI- IAY Plan Share | 7,11,366 |
| 2 | 4502101 | 339302010026244- UBI-Saksharatha | 7,362 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2026-27 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/17.07.26)

## 1-1-3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2026-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2026-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|
| ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 3201035 | Centrally Sponsored Scheme - Total Sanitation Campaign | 59,468 | 4502101 | 8555101067498 (Sanitation) | 34,923 |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/17.07.26)

## 1-1-4 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/17.07.2026)

## 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ

രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011, ചട്ടം 7).ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/17.07.26)

### 1-1-8 തൊഴിലുറപ്പ് പദ്ധതി - ക്യാഷ് ബുക്ക്& പാസ്സ് ബുക്ക് നീക്കിയിരിപ്പ് തുക വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

| | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| ക്യാഷ് ബുക്ക് & പാസ്സ് ബുക്ക് പ്രകാരം | 4,09,100 | 4,045 |
| വാർഷിക കണക്ക് പ്രകാരം | 4,13,145 | 0 |

### 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 22.03.2025 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 9,44,41,364 | 9,30,44,477 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 17.02.2026 | |
| കമ്മിറ്റി തീരുമാനം | 17(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 15,17,79,833 | 14,66,97,170 |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ബാക്കി*/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 1,76,90,600 | 1,76,90,600 | 1,74,71,601 | 2,18,999** |
| വികസന ഫണ്ട് - എസ്.സി.പി | 0 | 99,75,400 | 99,75,400 | 89,35,076 | 10,40,324** |
| വികസന ഫണ്ട് - എസ്.സി.പി | 0 | 99,75,400 | 99,75,400 | 89,35,076 | 10,40,324** |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2,07,44,000 | 2,07,44,000 | 1,07,14,970 | 1,00,29,030** |
| CFC UnTied | 50,49,618 | 41,17,022 (37,72,000+ 3,45,022- പലിശ) | 91,66,640 | 65,15,868 | 26,50,772* |
| CFC Tied | 96,10,819 | 2,829,000 | 1,24,39,819 | 47,67,688 | 76,72,131* |
| TSC | 59,258 | 218 | 59,468 | 0 | 59,468* |
| Health Grant | 29,58,360 | 70,442 | 30,28,802 | 11,81,423 | 18,47,379* |
| MGNREGS | 0 | 4,13,145 | 4,13,145 | 4,09,100 | 4,045 # |
| Donation Related To Pandemic / Epidemic Central | 26,582 | 683 | 27,265 | 0 | 27,265 |
| Keralolsavam | 0 | 10,000 | 10,000 | 10,000 | 0 |

#MGNREGS ന്റെ ക്യാഷ് ബുക്ക് & പാസ്സ് ബുക്ക്, വാർഷിക കണക്ക് എന്നിവയിലെ നീക്കിയിരിപ്പ് വ്യത്യാസം ഉണ്ട് (ഖണ്ഡിക 1-1-7). ക്യാഷ് ബുക്ക് & പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 128 | 13,26,55,520 | 101 | 6,47,82,581 | 48.8 | 78.90 |

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2026 തീയതിയിൽ 3:30 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 കെ-സ്മാർട്ട് അപാകതകൾ

10.04.2025 ലെ സ.ഉ (കൈ) നം.66/2025/ത.സ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സമാന രീതിയിൽ വിന്യസിച്ച് പ്രവർത്തിപ്പിച്ച് പരിപാലിക്കുന്നതിനായി കെ-സ്മാർട്ടിന്റെ പ്രവർത്തനവും നടപടിക്രമങ്ങളും ഉൾപ്പെടുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വരവുകളും ചെലവുകളും കെ-സ്മാർട്ടിലൂടെയാണ് നടത്തേണ്ടതെന്നും നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും കെ-സ്മാർട്ടിൽ യഥാസമയം തയ്യാറാക്കുന്നതിനും ആയവ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി ലഭ്യമാക്കുന്നതിനുമായി ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള ഓഡിറ്റ് പരിശോധനയിലെ അപായ സാധ്യതകളും കണ്ടെത്തിയ ന്യൂനതകളും ചുവടെ ചേർക്കുന്നു.

**1. ഐ.കെ.എം പേയ്മെന്റ് ഗേറ്റ്‌വേ മുഖേനയുള്ള വരവ് തുകകൾ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റാവുന്നതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.**

ഐ.കെ.എം. പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി അടവാക്കുന്ന തുകകൾ യഥാസമയം കെ-സ്മാർട്ട് ഡേ ബുക്കിലും ബന്ധപ്പെട്ട ലെഡ്ജറുകളിലും യു.പി.ഐ. ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്കിലും വരവായി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത തുകകൾ യഥാർത്ഥത്തിൽ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റായതിന്റെ വിവരം ലഭ്യമാവുന്നത് ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട് പ്രകാരമാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ ഒരു നിശ്ചിത കാലയളവിൽ (2025-2026 വർഷത്തിൽ) ക്രെഡിറ്റായിട്ടുള്ള തുകകളുടെ വിവരവും, ഏതൊക്കെ തുകകളാണ് ക്രഡിറ്റാവാൻ ബാക്കി നിൽക്കുന്നതെന്ന വിവരവും ലഭ്യമല്ല.
ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ (SBI-Miscellaneous Account – 1963) 2025-26 സാമ്പത്തിക വർഷത്തെ റീകൺസീലിയേഷൻ പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല.

| ക്രമ നം | രസീത് നം | തീയതി | തുക | തുക അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|---|
| 1 | R-B081500-25000080 | 18.11.2025 | 4,000 | സിന്ധു പൗലോസ് |
| 2 | R-B081500-25000149 | 21.11.2025 | 4,000 | ടി വി സുരേഷ് കുമാർ |
| 3 | R-B081500-25000165 | 23.01.2026 | 4,000 | സെലീന എ കെ |

എന്നാൽ ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട്/ഇ-പേ ഡീറ്റെയിൽഡ് റിപ്പോർട്ട് എന്നിവയിൽ ടി തീയതികളിലെ ഇ-പേയ്മെന്റ് വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ 2025-2026 വർഷത്തിൽ ഐ.കെ.എം. പേയ്മെന്റ് ഗേറ്റ് വേ മുഖേനയുള്ള വരവ് തുകകൾ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റായതിന്റെയും ക്രെഡിറ്റാവാൻ ബാക്കി നിൽക്കുന്നതിന്റെയും കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

**2. റികൺസിലിയേഷൻ യഥാസമയം നടത്താത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ പണം പിൻവലിക്കലുകളുടെയും ബാങ്ക് ബുക്ക്, പാസ് ബുക്ക് നീക്കിയിരുപ്പിന്റെയും കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.**
2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങളിലെ ചട്ടം 37 പ്രകാരം ബാങ്ക ബുക്ക് നീക്കിയിരുപ്പം ബാങ്ക് ട്രഷറി അക്കാണ്ടുകളിലെ നീക്കിയിരുപ്പം റികൺസിലിയേഷൻ നടത്തേണ്ടതും എല്ലാ മാസവും റീകൺസിലിയേഷൻ പത്രിക തൊട്ടടുത്ത മാസം 23- ാം തീയതിക്കു മുമ്പായി അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ നടപ്പ് സാമ്പത്തിക വർഷത്തെ റികൺസിലിയേഷൻ നടത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | റീകൺസിലിയേഷൻ നടത്തിയ തീയതി |
|---|---|---|
| 1 | 4/2026 | റീകൺസിലിയേഷൻ നടത്തിയിട്ടില്ല |
| 2 | 5/2026 | റീകൺസിലിയേഷൻ നടത്തിയിട്ടില്ല |
| 3 | 6/2026 | റീകൺസിലിയേഷൻ നടത്തിയിട്ടില്ല |

**3. പെന്റിംഗ് ടാസ്ക് വൗച്ചറുകൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം കെ- സ്മാർട്ടിലില്ല**
31.03.2026 നുള്ളിൽ ബാങ്ക് അക്കൗണ്ടിൽ നിന്ന് ചെലവാകുകയും എന്നാൽ പേയ്മെന്റ് വൗച്ചർ 31.03.2026-നുള്ളിൽ ജനറേറ്റ് ചെയ്യാൻ വിട്ടു പോവുകയും ചെയ്യുന്ന തുകകൾക്ക് വൗച്ചർ നൽകുന്നതിനാണ് പെന്റിംഗ് ടാസ്ക് വൗച്ചർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്നതിന് വെരിഫൈർ, അപ്രൂവർ എന്നിങ്ങനെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെ അപ്രൂവൽ ഇല്ലാതെ തന്നെ കെ- സ്മാർട്ടിൽ അക്കൗണ്ടന്റിന്റെ ലോഗിനിൽ നിന്ന് തന്നെ സാധിക്കും. എന്നാൽ പെന്റിംഗ് ടാസ്ക് വൗച്ചറുകൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം കെ- സ്മാർട്ടിലില്ല.

**1-8 വാടക - അപാകതകൾ**

വാടക രജിസ്റ്റർ, വാടകയുമായി ബന്ധപ്പെട്ട വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂളുകൾ എന്നിവ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല**

വാർഷിക ധനകാര്യ പത്രികയിലെ B-14 ഷെഡ്യൂളിൽ മുൻ വർഷത്തെ വാടക കുടിശ്ശികയിനത്തിൽ 45,818 രൂപയും തൻ വർഷത്തെ വാടക കുടിശ്ശികയിനത്തിൽ 91,810 രൂപയും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ (വാടകക്കാരന്റെ പേര്, പ്രതിമാസ വാടക, കുടിശ്ശിക കാലയളവ്), ടി തുക ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ, നടപ്പ് സാമ്പത്തിക വർഷം മേൽ കുടിശ്ശിക തുകകളിൽ വരവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 5/16.07.2025) മറുപടി ലഭ്യമാക്കിയില്ല.

**2. വാടക - വിവരങ്ങൾ ലഭ്യമല്ല**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടൽ, S G S Y കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റ് എന്നിവയുടെ വാടക വിശദാംശങ്ങൾ, കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ, വാർഷിക കണക്കിൽ മേൽ വാടക വിവരങ്ങൾ ഉൾപ്പെടുത്താത്തതിനുള്ള കാരണം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 5/16.07.2025) മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം 1,2 എന്നിവയിലെ വാടക കുടിശ്ശിക വിവരങ്ങൾ, ടി തുക ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ രേഖകൾ സഹിതം ലഭ്യമാക്കാണ്ടേതാണ്.

## 1-9 കമ്മ്യൂണിറ്റി ഹാൾ - വാടക ഇളവ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല

2018 ജൂലൈ മാസം 17-ാം തിയ്യതി നടന്ന സാധാരണ മീറ്റിംഗിലെ V(3) -ാം നമ്പർ തീരുമാന പ്രകാരം മാള ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ കെ. കരുണാകരൻ സ്മാരക കമ്മ്യൂണിറ്റി ഹാളിന്റെ 1-08-2018 മുതൽ ഹാൾ ബുക്കിംഗ് ചെയ്യുന്നവർക്കുള്ള വാടക നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | കാലയളവ് | വിഭാഗം | വാടക | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|---|
| 1 | പ്രോഗ്രാം ദിവസത്തിന്റെ (വിവാഹം/ വിരുന്നു സൽക്കാരം) തലേദിവസം വൈകീട്ട് 4 മണി മുതൽ പ്രസ്തുത ദിവസം വൈകീട്ട് 6 മണി വരെ | ജനറൽ | 9500 + 18 % GST + 1 % Flood Cess | 2000 |
| | | പട്ടിക ജാതി | 5000+ 18 % GST + 1 % Flood Cess | 2000 |
| 2 | ഒരു പകൽ (രാവിലെ 6 മണി മുതൽ വൈകീട്ട് 6 മണി വരെ ) വിരുന്നു സൽക്കാരം, വിവാഹം | ജനറൽ | 5500 + 18 % GST + 1 % Flood Cess | 1000 |
| | | പട്ടിക ജാതി | 3500 + 18 % GST + 1 % Flood Cess | 1000 |
| 3 | പൊതു പരിപാടികൾ, മീറ്റിംഗുകൾ- ഒരു പകൽ സമയത്തേക്ക് (രാവിലെ 6 മണി മുതൽ വൈകീട്ട് 6 മണി വരെ ) | | 2500 + 18 % GST + 1 % Flood Cess | 500 |
| 4 | പകുതി പകൽ സമയം പൊതു പരിപാടികൾ, മീറ്റിംഗുകൾ- (രാവിലെ 6 മണി മുതിൽ ഉച്ചക്ക് 2 മണിവരെ അല്ലെങ്കിൽ ഉച്ചക്ക് 12 മണി മുതൽ വൈകീട്ട് 6 മണി | | 1500 + 18 % GST + 1 % Flood Cess | 500 |

| | | | | |
|---|---|---|---|---|
| | വരെ ) | | | |

1301009 – Rent From Auditorium & Halls ലെഡ്ജർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളിൽ നിന്ന് പട്ടിക ജാതി വിഭാഗത്തിന് ഈടാക്കാവുന്ന വാടക നിരക്കാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | പേര് | രസീത് നം / തീയതി | ഈടാക്കിയ തുക |
|---|---|---|---|
| 1 | രവി പി.വി , പാലക്കാട്ടിൽ | R-B081500-25000004 / 02.05.2025 | 5000 |
| 2 | ചന്ദ്രൻ പറങ്ങാട്ടിൽ | R-B081500-25000007 /07.05.2025 | 3500 |
| 3 | അഖിൽ ടി ആർ | R-B081500-25000027/08.07.2025 | 3500 |
| 4 | വിനോദ് പി എം | R-B081500-25000039 /13.08.2025 | 3500 |
| 5 | മോഹനൻ കാട്ടുകണ്ടത്തിൽ | R-B081500-25000042/26.08.2025 | 3500 |
| 6 | സജിത് പി എസ് | R-B081500-25000044/02.09.2025 | 3500 |
| 7 | രവി എം കെ | R-B081500-25000195/30.03.2026 | 3500 |

എന്നാൽ ഇളവ് അനുവദിക്കുന്നതിനാവശ്യമായ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റോ മറ്റ് അനുബന്ധ രേഖകളോ മേൽ വ്യക്തികളുടെ അപേക്ഷയിൽ ലഭ്യമല്ല. ഇളവ് അനുവദിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 4/16.07.2025)

## 1-10 പി.എം.എ.വൈ ആവാസ് പ്ലസ് ഭവനനിർമ്മാണം - അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ ആവാസ് പ്ലസ് ഭവനനിർമ്മാണം (ജനറൽ) & (എസ്.സി.പി) പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഭവനനിർമ്മാണ പുരോഗതി വിവരം ലഭ്യമല്ല.

പ്രോജക്ടുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുടർന്ന് വിഹിതം ഒന്നും അനുവദിച്ച് കാണുന്നില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിനെ സംബന്ധിച്ച വിവരം | തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശം |
|---|---|---|
| 1 | ജാനു .കെ.കെ, മേലാതുരുത്തി വീട്, മേലഡൂർ, അന്നമനട (ഗുണഭോക്തൃ രജിസ്റ്റർ ക്രമനമ്പർ-17) | 20.02.2025-48,000/- |
| 2 | ദേവു. കെ.സി ,തളിപറമ്പിൽ വീട് കുരുവിലാശ്ശേരി , മാള (ഗുണഭോക്തൃ രജിസ്റ്റർ ക്രമനമ്പർ-23) | 25.09.2024-48,000<br>23.01.2025-72,000<br>28.07.2025-63,000<br>21.08.2025-45,000<br>ആകെ -2,28,000 |
| 3 | മധു .ടി.എം, താളാട്ട് ഹൗസ് , മാള പി.ഒ (ഗുണഭോക്ത രജിസ്റ്റർ ക്രമനമ്പർ-24) | 17.09.2024-48,000<br>29.02.2025-72,000<br>ആകെ -1,20,000 |
| 4 | രുഗ്മിണി അജിത്ത് കുമാർ , | 23.01.2025-48,000 |

| | | |
|---|---|---|
| | കുമ്പിളി ഹൗസ് പാറപ്പുറം , കുഴൂർ (ഗുണഭോക്തൃ രജിസ്റ്റർ ക്രമനമ്പർ-65) | 20.08.2025-1,12,000<br>ആകെ -1,60,000 |

ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/17.07.2026-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടരുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കി ഇല്ലായെങ്കിൽ നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഭവനനിർമ്മാണം നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ്

മാള ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പി.എം.എ.വൈ ഭവനനിർമ്മാണ വിഹിതം (ജനറൽ ) & (എസ്.സി.പി) അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരം സംബന്ധിച്ച രജിസ്റ്റർ, ആക്റ്റീവ് ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പ്രകാരം താഴെ പറയും പ്രകാരം ഗുണഭോക്താക്കൾക്ക് നാളിതുവരെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | മാള | 19 |
| 2 | അന്നമനട | 12 |
| 3 | പൊയ്യ | 37 |
| 4 | ആളൂർ | 41 |
| 5 | കുഴൂർ | 15 |
| | ആകെ | 124 |

ഇതുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2024 -25 സാമ്പത്തികവർഷം മുതൽ ആരംഭിച്ച പദ്ധതി പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഒരു ഗുണഭോക്താവ് പോലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയതായി രജിസ്റ്ററിലോ/രേഖകളിലോ കാണുന്നില്ല. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

2) ഭവനനിർമ്മാണത്തിന് കരാർ വെച്ച് ഒരു ഗഡു മാത്രം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുണ്ട് . പ്രസ്തുത ഗുണഭോക്താക്കളിൽ നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുണ്ടോ എന്ന് പരിശോധനവിധേയമാക്കേണ്ടതും അപ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്ന് നൽകിയ ധനസഹായം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടിന്റെ പൂർത്തീകരണ രേഖകൾ/ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് |
|---|---|---|---|
| 92/2026-പനച്ചിക്കൽ സബ് തോട് നവീകരണം-പൊയ്യ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യകമ്മീഷൻ അവാർഡ് | 3,00,000 | വൗച്ചർ നമ്പർ P-B081500 25000140/13.08.25 ₹2,89,212/-<br>വൗച്ചർ നമ്പർ P-BO8150025000539/07.03.26 ₹10,788/- |

| | | | |
|---|---|---|---|
| | | | ആകെ - 3,00,000/- |

മേൽ ചെലവു തുകയ്ക്കുള്ള പൂർത്തീകരണ രേഖ/ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/17.07.2026)

## 1-12 കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 138/26-ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട് -ജനറൽ- 4,48,413<br>തനതുഫണ്ട് – 15,493<br>ആകെ – 4,63,906 |
| ചെലവ് | 2,18,649 |

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ കാണിച്ച സാധനങ്ങൾ GEM വഴി 2025-26 സാമ്പത്തികവർഷം വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം/എണ്ണം | വൗച്ചർ നമ്പർ /തീയ്യതി | തുക (₹) |
|---|---|---|---|
| 1 | ലേസർ പ്രിന്റർ-1 | P-B081500-25000175/27.08.2025 | 18,750 |
| 2 | ഡെസ്ക് ടോപ്പ് കംപ്യൂട്ടർ-1 | P-B081500-25000205/30.08.2025 | 49,000 |
| 3 | ലാപ്പ് ടോപ്പ്-1 | P-B081500-25000209/01.09.2025 | 47,999 |
| 4 | ഡെസ്ക് ടോപ്പ് കംപ്യൂട്ടർ-1 | P-B081500-25000394/20.12.2025 | 49,000 |
| 5 | ഡെസ്ക് ടോപ്പ് കംപ്യൂട്ടർ-1<br>പ്രോജക്ട് സ്ക്രീൻ-1 | P-B081500-25000404/29.12.2025 | 53,900 |
| 6 | ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടർ -3 | ബിൽ തുക നൽകിയിട്ടില്ല | 1,79,702 |
| | ആകെ | | 3,98,351* |

*പട്ടികയിലെ ക്രമനമ്പർ 1 മുതൽ 5 വരെയുള്ള സാധനങ്ങൾ വാങ്ങിയ ഇനത്തിൽ വന്ന ചെലവ് സംഖ്യ 2,18,649/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ക്രമനമ്പർ 6 പ്രകാരമുള്ള സംഖ്യ 1,79,702/ (3,98,351-2,18,649) നാളിതുവരെ അനുവദിച്ചിട്ടില്ല.

മേൽ വാങ്ങലുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന ഈ പദ്ധതിക്കായി മേൽ പറഞ്ഞ സാധനങ്ങൾ GEM വഴി വാങ്ങിയത് വ്യത്യസ്ഥ വാങ്ങൽ നടപടികളിലൂടെയാണ്. ഓരോ ഇനം വാങ്ങുമ്പോഴും ആയതിനായി പ്രത്യേകം ഭരണസമിതി തീരുമാനം എടുത്തതായാണ് കാണുന്നത്. ഭരണസമിതി അംഗീകരിച്ച ഒരു പ്രോജക്ട് നടത്തിപ്പിൽ വീണ്ടും തീരുമാനം എടുക്കുന്നത് ശരിയായ നടപടിക്രമമല്ല. പ്രോജക്ട് തയ്യാറാക്കുന്ന സമയത്ത് കൃത്യമായ ആവശ്യകത നിർണ്ണയം നടത്താതെയാണ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതായി ഇതിൽ നിന്ന് കാണുന്നത്. ഇപ്രകാരം ആവശ്യകത നിർണ്ണയം നടത്താതെ പ്രോജക്ടിന് അംഗീകാരം വാങ്ങി ആകെയുള്ള ഡിമാന്റ് വിഭജിച്ച് വാങ്ങൽ നടത്തിയത് സ്റ്റോർ പർച്ചേസ് റൂളിലെ (ഖണ്ഡിക19.9) വ്യവസ്ഥകൾക്ക് എതിരാണ്. ഇപ്രകാരം പ്രോജക്ട് നടപ്പാക്കിയതിന് കാരണം വിശദമാക്കേണ്ടതാണ്.

2) പ്രോജക്ട് ഫയൽ പരിശോധനയിൽ 1,79,702/- രൂപയ്ക്ക് 3 ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടർ ഇൻവോയ്സ് നമ്പർ KMR/25-26/3217തീയ്യതി 14.03.2026 പ്രകാരം KM Technologies, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയതായി കാണുന്നു. എന്നാൽ നാളിതുവരെ ഇതിന്റെ ചെലവുതുക അനുവദിച്ചതായി കാണുന്നില്ല. മാത്രമല്ല ഈ വാങ്ങൽ സംബന്ധിച്ച യാതൊരു വിവരവും കെ-സ്മാർട്ട് ഫയലിൽ (ഫയൽ നമ്പർ- 3913917) രേഖപ്പെടുത്തികാണുന്നുമില്ല. മേൽപ്രകാരം വാങ്ങിയ 3 കംപ്യൂട്ടറുകളും ജനറൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 25ൽ

ക്രമനമ്പർ 6 ആയി സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതായി കാണുന്നു. മേൽ പർച്ചേസുമായി ബന്ധപ്പെട്ട തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും, ഈ പർച്ചേസുമായി ബന്ധപ്പെട്ട വിവരങ്ങൾ .കെ-സ്മാർട്ട് ഫയലിൽ രേഖപ്പെടുത്താതിരുന്നതിന് കാരണം വിശദമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.13/17.07.2026)

## 1-13 സുലേഖ ചെലവ് പത്രിക - പ്രോജക്ടുകളുടെ ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കാണിച്ച പ്രോജക്ട് പ്രകാരമുള്ള ചെലവുകൾ സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) | അപാകങ്ങൾ |
|---|---|---|---|
| 11/26-പി.എം.എ,വൈ-ആവാസ് പ്ലസ് ഭവനനിർമ്മാണം (ജനറൽ ) | വികസനഫണ്ട് ജനറൽ -49,86,000<br>ധനകാര്യകമ്മീഷൻ അവാർഡ് -9,50,000<br>കേന്ദ്രാവിഷ്കൃത ഫണ്ട്-41,94,000<br>ഗ്രാമപഞ്ചായത്ത് വിഹിതം -42,70,000<br>ജില്ലാപഞ്ചായത്ത് വിഹിതം -60,00,000<br>ആകെ -2,04,00,000 | വികസനഫണ്ട് ജനറൽ -32,48,000<br>ധനകാര്യകമ്മീഷൻ അവാർഡ് -9,50,000<br>കേന്ദ്രാവിഷ്കൃത ഫണ്ട്-37,92,000<br>ഗ്രാമപഞ്ചായത്ത് വിഹിതം -27,40,000<br>ജില്ലാപഞ്ചായത്ത് വിഹിതം -60,00,000<br>ആകെ -1,67,30,000 | കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ വരവ് വന്ന തുക 37,92,000 രൂപ ചിലവഴിച്ചത് സംബന്ധിച്ച വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 12/26-പി.എം.എ,വൈ-ആവാസ് പ്ലസ് ഭവനനിർമ്മാണം-(എസ്.സി.പി) | വികസനഫണ്ട് എസ്.സി.പി -9,10,523<br>കേന്ദ്രാവിഷ്കൃത ഫണ്ട്-33,60,000<br>ഗ്രാമപഞ്ചായത്ത് വിഹിതം -12,60,000<br>ജില്ലാപഞ്ചായത്ത് വിഹിതം -17,64,000<br>മറ്റുള്ളവ-27,05,477<br>ആകെ 1,00,00,000 | വികസനഫണ്ട് എസ്.സി.പി-3,60,000<br>കേന്ദ്രാവിഷ്കൃത ഫണ്ട്-10,56,000<br>ഗ്രാമപഞ്ചായത്ത് വിഹിതം -1,80,000<br>ജില്ലാപഞ്ചായത്ത് വിഹിതം -7,56,000<br>മറ്റുള്ളവ-<br>ആകെ-23,52,000 | കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ വരവ് വന്ന തുക 10,56,000 രൂപ ചിലവഴിച്ചത് സംബന്ധിച്ച വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |

മേൽ ചെലവു വിവരങ്ങൾ സുലേഖ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.9/17.07.2026)

## 1-14 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ശിശു വികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം. 40/2026 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - പദ്ധതി രൂപ രേഖ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആളൂർ ഗ്രാമ പഞ്ചായത്തിന് - 8,50,000, മാള ഗ്രാമ പഞ്ചായത്തിന് 4,00,000, അന്നമനട ഗ്രാമ പഞ്ചായത്തിന് - 5,00,000, കുഴൂർ ഗ്രാമ പഞ്ചായത്തിന് 4,00,000, പൊയ്യ ഗ്രാമ പഞ്ചായത്തിന്- 4,00,000 ആകെ 25,00,000 രൂപ വികസന ഫണ്ട് - ജനറലിൽ നിന്നും വകയിരുത്തിട്ടുള്ളതാണ്.

വികസന ഫണ്ട് - ജനറൽ - കെ - സ്മാർട്ടിൽ നിന്നുള്ള ടി ഫണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ടി പ്രൊജക്ടിനായി ചെലവ് വന്നിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | വൗച്ചർ നം | തുക | തുക ലഭിച്ച പഞ്ചായത്ത് |
|---|---|---|---|---|
| 1 | 25-08-2025 | P-B081500-25000177 | 4,00,000 | പൊയ്യ |
| 2 | 11-09-2025 | P-B081500-25000218 | 1,30,000 | പൊയ്യ |
| 3 | 12-09-2025 | P-B081500-25000229 | 4,00,000 | മാള |
| 4 | 16-09-2025 | P-B081500-25000232 | 4,62,000 | ആളൂർ |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 19-09-2025 | P-B081500-25000236 | 3,65,000 | അന്നമനട |
| 6 | 18-10-2025 | P-B081500-25000285 | 1,35,000 | അന്നമനട |
| 7 | 28-10-2025 | P-B081500-25000289 | 5,00,000 | കുഴൂർ |
| ആകെ | | | 23,92,000 | |

